പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3349 — 29.01.2014 ലെ മറുപടിയ്ക്ക്

**കുടുംബകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2014 അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി യു.എൻ.ജനറൽ അസംബ്ലി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കുടുംബകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) 2014 അന്താരാഷ്ട്ര കുടുംബ വർഷമായി യു.എൻ. പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കുടുംബകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതുതായി പദ്ധതികളൊന്നും 2014-2015 ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കുടുംബാംഗങ്ങളുടെ കായികാദ്ധ്വാനം ഉപയോഗപ്പെടുത്തി സ്കൂൾ വിദ്യാർത്ഥികളിലൂടെയും വനിതകളിലൂടെയും നടപ്പിലാക്കുന്ന വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പദ്ധതിയും, കോർപ്പറേഷൻ / മുൻസിപ്പാലിറ്റികളിൽ വീട്ടുകളിലെ ടെറസ്സിൽ പച്ചക്കറി കൃഷി പദ്ധതിയും ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നു. ഇത് 2014-15 സാമ്പത്തിക വർഷവും തുടരുന്നതാണ്. |
| (ബി) കുടുംബകൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാനത്തെ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണം തേടാനുള്ള പദ്ധതികൾക്ക് രൂപം നല്കാൻ ഉദ്ദേശമുണ്ടോ;<br>(സി) എങ്കിൽ പദ്ധതികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ? | (ബി) & (സി) കോർപ്പറേഷൻ, മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ വീട്ടുകളിലെ ടെറസ്സിൽ പച്ചക്കറി കൃഷി എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നിലവിൽ റസിഡന്റ്സ് അസോസിയേഷനുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. ഇത് 2014-15 വർഷവും തുടരുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾ, വനിതകൾ എന്നിവർ മുഖാന്തിരം നടപ്പിലാക്കുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പദ്ധതി പ്രകാരം വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന 20 രൂപ വില വരുന്ന പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും വീട്ടുകളിലെ ടെറസ്സുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമായ 4 മുതൽ 6 ഇനം പച്ചക്കറിയിനങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച 25 ഗ്രോ ബാഗുകൾ 75% സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നു. ആകെ 2000 രൂപ വില വരുന്ന 25 ഗ്രോ ബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ് 500 രൂപയ്ക്ക് നഗരത്തിലെ കർഷകർക്ക് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ